# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഭൂവിനിയോഗ ബാങ്ക്

2455 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ്
,, പി.സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിയുടെ വിലനിർണ്ണയിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഒരു ഭൂവിനിയോഗ ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന്റെ പ്രവർത്തന രീതി എങ്ങനെയായിരിക്കണമെന്നാണ് കരുതുന്നത്;

(ഡി) ഭൂമിയുടെ വിലനിർണ്ണയിക്കുന്നതു സംബന്ധിച്ച് കൈക്കൊള്ളുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) സമീപ പ്രദേശങ്ങളിൽ നടക്കുന്ന വസ്തു വില്പനയിൽ ഏറ്റവും കൂടിയ നിശ്ചിത വിലയുടെ അടിസ്ഥാനത്തിൽ കമ്പോള വില നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില</u>

2456 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലസ്ഥലത്തും ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് വിപണി വിലയെക്കാൾ കൂടുതലാണെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപാകതകൾ പരിഹരിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥലത്തിന്റെയും സ്ഥിതി നേരിൽ പരിശോധിച്ച് ന്യായവില തിട്ടപ്പെടുത്താൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ബോണ്ട് കൈവശമുള്ള വ്യക്തികൾക്ക്
വിൽക്കാനുള്ള വ്യവസ്ഥകൾ

2457 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി നൽകുന്നവർക്ക് ഭൂമിവിലക്ക് പകരം ബോണ്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ബോണ്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ ആരെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ബോണ്ട് കൈവശമുള്ള വ്യക്തികൾക്ക് വിൽക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഓരോ വർഷവും ബോണ്ടുകളുടെ വില പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പദ്ധതികൾ നടപ്പാക്കുമ്പോൾ ഭൂമിക്കുണ്ടാകുന്ന വില വർദ്ധനയുടെ തോത് അനുസരിച്ച് ബോണ്ടിന്റെ മൂല്യത്തിനും വർദ്ധനയുണ്ടാകാൻ ആലോചിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വസ്തുവിന്റെ ഫെയർവാല്യു

2458 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിൽ ഉൾപ്പെടുന്ന ഏതൊക്കെ സർവ്വെ നമ്പരുകളിൽപ്പെടുന്ന എത്ര ഏക്കർ ഭൂമിയാണ് വസ്തുവിന്റെ ഫെയർവാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് തരിശായി രേഖപ്പെടുത്തപ്പെട്ടത്;

(ബി) ഇപ്രകാരം രേഖപ്പെടുത്താൻ ഇടയായതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഏത് ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് കരമടച്ചുകൊണ്ടിരുന്ന വസ്തുക്കൾപോലും സർക്കാർ തരിശായി രേഖപ്പെടുത്താൻ ഇടയാക്കിയത്;

(ഡി) ഇതു സംബന്ധിച്ച അന്വേഷണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അന്വേഷണ ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി അറിയിക്കുമോ; എന്നാണ് അന്വേഷണച്ചുമതല പ്രസ്തുത ഉദ്യോഗസ്ഥന് കൈമാറിയിട്ടുള്ളത്;

(എഫ്) സമയബന്ധിതമായി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ഇതുവരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇത് സംബന്ധിച്ച് എത്ര ഉന്നതതലയോഗം ചേർന്നു എന്നും വിശദാംശങ്ങൾ സഹിതം അറിയിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

നെല്‍വയല്‍ - തണ്ണീര്‍ത്തട സംരക്ഷണം

2459 ശ്രീ. കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷങ്ങള്‍ക്കു മുമ്പ് തന്നെ നികത്തപ്പെട്ടതും ഇതര കൃഷികള്‍ക്കും മറ്റും ഉപയോഗിച്ചു വരുന്നതുമായ നെല്‍വയല്‍ പ്രദേശങ്ങളില്‍ പാര്‍പ്പിടേതര ആവശ്യത്തിന് കെട്ടിടം നിര്‍മ്മിക്കുന്നതിന് അനുമതി നല്‍കാന്‍ ഇപ്പോള്‍ എന്ത് വ്യവസ്ഥയാണുള്ളത്;

(ബി) 2008-ലെ കേരള നെല്‍വയല്‍-തണ്ണീര്‍ത്തട സംരക്ഷണ ആക്ടിന്റെ പരിധിയില്‍ നിന്നും മുന്‍പറഞ്ഞ രീതിയിലുള്ള പ്രദേശങ്ങള്‍ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ;

(സി) പ്രസ്തുത വിഷയത്തില്‍ പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകള്‍ ഒഴിവാക്കുന്നതിന് എന്തെങ്കിലും നിയമഭേദഗതി കൊണ്ടു വരുന്നതിന് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വയൽ നികത്തുന്നതായ നടപടി</u>

2460 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽ വയൽ തണ്ണീർതട സംരക്ഷണ നിയമം വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷി ഭൂമി നികത്തുവാൻ അനുവാദം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതി ഇല്ലാതെ ഹെക്ടർ കണക്കിന് വയലുകൾ നികത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ചങ്ങംകരിയിലെ തൂക്കുപാലത്തിന്റെ നിർമ്മാണം

2461 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എടത്വാ പഞ്ചായത്തില ചങ്ങംങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) കെൽ ഏറ്റെടുത്ത തൂക്കുപാലത്തിന്റെ നിർമ്മാണം ആരംഭിച്ചുവോയെന്നും എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ലാന്റ് അക്വിസിഷൻ നടപടികൾ

2462 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് കലക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോ എന്നും എങ്കിൽ ഏത് തീയതിയിലാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ പ്രസ്തുത പ്രൊപ്പോസൽ നടപടികൾക്കായി അയച്ചിട്ടുണ്ടെന്നും ഓരോ ഓഫീസിലും എത്ര ദിവസം വീതം പ്രൊപ്പോസൽ തീർപ്പുകൽപ്പിക്കുന്നതിന് കെട്ടിക്കിടന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രൊപ്പോസലിൽ പൊതുമരാമത്ത് വകുപ്പ് റവന്യൂവകുപ്പിനോട് എന്താണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) പൊതുമരാമത്ത് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് റവന്യൂവകുപ്പിൽ കാലതാമസമുണ്ടായതായി കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ്</u>

2463 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലം നിർമ്മിക്കുന്നതിലേക്കായി അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കന്നതിന് സാധാരണ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശംഅറിയിക്കുമോ;

(ബി) ഭൂഉടമകൾ ജനപ്രതിനിധികളും, പൗരപ്രമുഖരും ഉദ്യോഗസ്ഥമേധാവികളുമായി ചർച്ച ചെയ്തു ധാരണയിൽ എത്തി ഭൂമി വിട്ടുതന്നാൽ ആയത് ഏറ്റെടുത്ത് പാലം പണി നടത്തുന്നതിലേക്ക് റവന്യൂ വകുപ്പിന് എന്ത് നടപടികളാണ് സ്വീകരിക്കുവാനുള്ളത്;

(സി) ഭൂഉടമകൾ ഭൂമി ധാരണക്ക് വിധേയമായി വിട്ട് നൽകാതിരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ട് പോകുകയും ചെയ്യുന്ന അവസ്ഥയിൽ പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലേക്ക് ഭൂമി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് നാളിതുവരെ അപേക്ഷ ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വല്ലാർപാടം പുനരധിവാസ പാക്കേജ്</u>

2464 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി സ്ഥലവും വീടും നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പാക്കേജ് എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പേർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് എന്ന് കൊടുത്തു തീർക്കാനാകും; നിലവിൽ പട്ടയം നൽകുന്നതിന് തടസ്സമായ കാരണങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകൾക്ക് കെട്ടിടം</u>

2465 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ട സർക്കാർ ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ റവന്യൂ ഭൂമി അനുവദിക്കണമെന്ന പഞ്ചായത്ത് അധികൃതരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ അനുവദിച്ച ഐ.ടി.ഐ. ഫയർസ്റ്റേഷൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയ്ക്ക് കെട്ടിടം പണിയുന്നതിനായി റവന്യൂ ഭൂമി അനുവദിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചെങ്ങറ പാക്കേജ്</u>

2466 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ പാക്കേജുമായി ബന്ധപ്പെട്ട് പെരിയയിൽ എത്ര കുടുംബങ്ങളാണുള്ളത് ; പ്രസ്തുത കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കൊരട്ടി ബസ്സ് സ്റ്റാന്റ് നിർമ്മാണം</u>

2467 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി പഞ്ചായത്തിൽ ബസ് സ്റ്റാന്റ് നിർമ്മാണത്തിനും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനും, മറ്റു വികസന ആവശ്യങ്ങൾക്കുമായി വൈഗൈ ട്രേഡ്സിന്റെ കൈവശമിരിക്കുന്നതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ സ്ഥലം കൊരട്ടി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിനും, ഭൂമി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ജാതി സര്‍ട്ടിഫിക്കറ്റിലെ അപാകത

2468 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ 9.3.1996 ലെ 12011/96/94 ബി.സി.സി. നമ്പര്‍ തീരുമാന പ്രകാരം കേരളത്തിലെ മുസ്ലീംങ്ങളെ ഒ.ബി.സി. പട്ടികയില്‍ 39 എ അദര്‍ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II) കച്ചി മേമണ്‍ (III) നവായാട്ട് (IV) തുറുക്കന്‍ (എന്‍) ദഗ്നി മുസ്ലീം എന്നിങ്ങനെയാണോ ചേര്‍ത്തിട്ടുളളത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന സര്‍ക്കാരിന്റെ 26.3.1996-ലെ No.13233/F1/95/എസ്.സി.എസ്.റ്റി.ഡി സര്‍ക്കുലറിലൂടെ എല്ലാ വകുപ്പ് മേധാവികളെയും ഇക്കാര്യം അറിയിച്ചിട്ടുണ്ടോ;

(സി) എന്നാല്‍ കേരളത്തിലെ ബഹുഭൂരിപക്ഷം തഹസില്‍ദാര്‍മാരും ഇപ്പോഴും നോണ്‍ ക്രിമിലെയര്‍ സര്‍ട്ടിഫിക്കറ്റുകളില്‍ ഇസ്ലാം-മുസ്ലീം എന്നു ചേര്‍ത്തിരിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ഇപ്രകാരമുള്ള ജാതി-നോണ്‍ ക്രീമിലെയര്‍ സര്‍ട്ടിഫിക്കറ്റുകള്‍ കേന്ദ്ര സര്‍ക്കാര്‍ വകുപ്പുകളും സ്ഥാപനങ്ങളും അംഗീകരിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;:

(ഇ) ഇത് കേരളത്തിലെ മുസ്ലീംങ്ങള്‍ക്ക് സംവരണാനുകൂല്യങ്ങളും വയസ്സിളവും നിഷേധിക്കുന്നതിന് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്ര സര്‍വ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം ലഭിക്കുവാനും ഇത്തരം സര്‍ട്ടിഫിക്കറ്റുകള്‍ പ്രയോജനപ്പെടാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ

## 11.10.2011-ലെ മറുപടിക്ക്

(ജി) എങ്കിൽ ക്രീമിലെയർ-ജാതി സർട്ടിഫിക്കറ്റുകളിൽ അദർ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II) കച്ചി മേമൺ (III) നവായാട്ട് (IV) തുറുക്കൻ (എൻ) ദഗ്നി മുസ്ലീം വൈഡ് എസ്.എൽ.നം: 39എ എന്ന് ചേർത്ത് സർട്ടിഫിക്കറ്റുകൾ നൽകാൻ റവന്യൂ വകുപ്പ് അധികാരികൾക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സുനാമി പുനരധിവാസ പദ്ധതി</u>

2469 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയിന്‍ കീഴില്‍ ലഭ്യമായ ഫണ്ടില്‍ ഇനിയും എത്ര തുക ചെലവഴിക്കുവാന്‍ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാത്ത വകുപ്പുകള്‍ ഏതെല്ലാമെന്നും ഓരോ വകുപ്പിനും നീക്കി വച്ച തുകയില്‍ ബാക്കിയുള്ള തുകകളുടെ വകുപ്പു തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ;

(സി) സുനാമി പുനരധിവാസ പ്രവര്‍ത്തനങ്ങള്‍ക്കു ഏറ്റവും വേഗത്തില്‍ പൂര്‍ണ്ണതയില്‍ എത്തിക്കുവാന്‍ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ചികിത്സാ സഹായ ധനം</u>

2470

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന മാസങ്ങളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനമായി അനുവദിച്ച ചികിത്സാ സഹായ ധനം ഇതുവരെയും അപേക്ഷകർക്ക് കിട്ടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

നഷ്ടപരിഹാര തുക വര്‍ദ്ധിപ്പിക്കുന്നതിന് നടപടികള്‍

2471 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വരള്‍ച്ചയിലും, കാലവര്‍ഷക്കെടുതിയിലും വീടും കൃഷിയിടങ്ങളും നഷ്ടപ്പെടുന്നവര്‍ക്ക് നല്‍കിവരുന്ന ധനസഹായത്തിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി വര്‍ഷങ്ങളായി സര്‍ക്കാര്‍ നല്കിവരുന്ന ധനസഹായതുക വളരെ കുറവാണെന്നുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത നഷ്ടപരിഹാരതുക വര്‍ദ്ധിപ്പിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭത്തിൽ വീടുതകർന്നവർക്കുള്ള നഷ്ടപരിഹാരം</u>

2472 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കക്കോടി ഗ്രാമപഞ്ചായത്തിലെ പതിന്നാലാം വാർഡിൽ പനയത്തിങ്കൽ ശ്രീമതി. ലക്ഷ്മിയ്ക്ക് പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നതിന് നഷ്ടപരിഹാരമായി എത്ര തുക സർക്കാർ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) വീട് പുനർനിർമ്മിക്കുന്നതിന് സർക്കാർ നൽകിയ തുക അപര്യാപ്തമാണെന്നറിയിച്ചുകൊണ്ട് ശ്രീമതി ലിക്ഷ്മി നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ജില്ലാ നവീകരണ പദ്ധതി</u>

2473 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ നവീകരണ പദ്ധതികൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇവ ആവിഷ്ക്കരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ</u>

2474 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ചുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ;

(ബി) നിർവ്വഹണോദ്യോഗസ്ഥരുടെ അനാസ്ഥമൂലമോ മറ്റു സാങ്കേതിക പ്രശ്നങ്ങൾ മൂലമോ നിശ്ചിത സമയത്തിനകം പണി ആരംഭിക്കുവാൻ സാധിച്ചില്ലെങ്കിൽ അക്കാര്യം പരിശോധിച്ചശേഷം, പണി യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുവാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് കർശന നിർദ്ദേശവും ആവശ്യമായ സമയവും നൽകുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിക്കുന്നവർക്കുള്ള ധനസഹായം</u>

2475 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിക്കുന്നവർക്ക് സർക്കാർ എത്ര രൂപയുടെ ധനസഹായം നൽകുന്നുണ്ട്;

(ബി) ധനസഹായം നൽകുന്നതിന് എന്തൊക്കെ മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ബഡ്ജറ്റ് വിഹിതമായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ഡി) പ്രകൃതിക്ഷോഭം വഴി അപകടം സംഭവിക്കുന്നവർക്ക് നൽകുന്ന ധനസഹായ വിതരണം താലൂക്ക് തലത്തിൽ നടക്കുന്നതിന് ബന്ധപ്പെട്ട എം.എൽ.എ വഴി വിതരണം നടത്താൻ നിർദ്ദേശം നൽകാമോ;

(ഇ) 2011-12 സർക്കാർ ഫ്ളഡ് റിലീഫ് ഫണ്ട് വഴി നിലവിലുള്ള ആറ്റിങ്ങൽ മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകക്കാണ് അനുമതി നൽകിയത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കരിങ്കയം നടപ്പാലം പുനർ നിർമ്മാണം</u>

2476 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്ക് ചപ്പാരകടവ് ഗ്രാമപഞ്ചായത്തിൽ 2007-ലെ കാലവർഷത്തിൽ ഒലിച്ചുപോയ കരിങ്കയം നടപ്പാലത്തിന്റെ പുനർനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) എത്ര ലക്ഷം രൂപയുടെ പ്രവർത്തിക്കാണ് അംഗീകാരം ലഭിച്ചത്;

(സി) ഇതിലേക്കായി അനുവദിച്ച 20 ലക്ഷം രൂപയുടെ വെളളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) എന്നേക്ക് നടപ്പാലം പുനർനിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിനിയോഗം</u>

2477 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിന് അനുമതി നൽകിയിരുന്ന ഏതെങ്കിലും പ്രവർത്തികൾ തുടരുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഏതൊക്കെ പ്രവർത്തികൾക്കാണ് തടസ്സങ്ങൾ ഉള്ളതെന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ അറിയിക്കുമോ;

(സി) പ്രാദേശികതലത്തിൽ ജനപ്രതിനിധികൾ ജനങ്ങളെ അറിയിക്കുകയും അതനുസരിച്ച് കമ്മിറ്റികൾ വരെ രൂപീകരിക്കുകയും ചെയ്ത പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്ന നടപടിയിൽ നിന്നും ഗവൺമെന്റ് പിൻമാറുമോ; വിശാദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തകര്‍ന്ന റോഡുകളുടെ പുനരുദ്ധാരണം</u>

2478 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റവന്യൂ വകുപ്പിന് കീഴില്‍ കുട്ടനാട്ടില്‍ വെളളപ്പൊക്കത്തില്‍ തകര്‍ന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭ്യമായിട്ടും പൂര്‍ത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദ റിപ്പോര്‍ട്ട് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് അനുമതി ലഭ്യമായ പ്രവര്‍ത്തികള്‍ നടപ്പിലാക്കുന്നത് നിര്‍ത്തിവയ്ക്കുന്നതിന് വകുപ്പിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(സി) എങ്കില്‍ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) കുട്ടനാട്ടില്‍ കഴിഞ്ഞ സാമ്പത്തിക വര്‍ഷം അനുവദിച്ച പ്രവര്‍ത്തികളെങ്കിലും അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം</u>

2479 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിലും കാലവർഷക്കെടുതിയിലും കേടുപാടുകൾ പറ്റിയ എത്ര റോഡുകളാണ് ഉടുമ്പൻചോല മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന ഭവനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവനരഹിതരായവരെ സംരക്ഷിക്കാനും വീടുകൾ പുനർനിർമ്മിച്ചു നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഇ) ഉടുമ്പൻചോല മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ തുക തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അത് വിതരണം ചെയ്യാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ</u>

2480 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ 24.05.2011 ന് മുമ്പ് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ചെയ്യേണ്ടതില്ലായെന്ന ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നൽകിയ തീയതിക്കും 24.05.2011 നും ഇടയിൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വീടില്ലാത്ത പദ്ധതി ബാധിത വ്യക്തികൾക്ക്</u>
<u>പുനരധിവാസത്തിന് നടപടി</u>

2481 ശ്രീ. ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ ഒഴികെയുള്ള പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് എന്തെല്ലാം നിബന്ധനകളാണ് ഭൂമി ഏറ്റെടുക്കുന്ന നയത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ബി) വീടില്ലാത്ത പദ്ധതി ബാധിത വ്യക്തികൾക്ക് പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(സി) വ്യാപാര സ്ഥാപനം നഷ്ടപ്പെടുന്നവർക്ക് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് നൽകാൻ തയ്യാറാകുമോ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ഉടമസ്ഥരുമായി പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കടപ്ര - വീയപുരം ലിങ്ക് ഹൈവേയുടെ സ്ഥലമെടുപ്പ്</u>

2482 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കിലെ കടപ്ര - വീയപുരം ലിങ്ക് ഹൈവേയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായോ ;ഇതുവരെ ഇതിന്റെ ആവശ്യത്തിനായി എത്ര സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ;

(ബി) സ്ഥലം എടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുവാൻ എത്ര തവണ ജില്ലാ വികസന സമിതി യോഗത്തിൽ ആവശ്യമുണ്ടായി എന്ന് വ്യക്തമാക്കുമോ ; നടപടികൾ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കൽ നയം</u>

2483 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടം സംഭവിക്കുന്നവർക്ക് ഏതുവിധത്തിലുള്ള പാക്കേജ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പുതിയ ഭൂമി ഏറ്റെടുക്കൽ നയം എത്രമാത്രം ഗുണകരമാണെന്ന് വ്യക്തമാക്കുമോ; സമയബന്ധിതമായി വിമാനത്താവള വികസനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കലിന് അനുബന്ധിച്ചുള്ള നഷ്ടപരിഹാരങ്ങൾ</u>

2484 ശ്രീ. ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നൽകുന്ന കുടുംബത്തിന് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് ഗവൺമെന്റ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) ഭൂമി നൽകുന്ന കുടുംബത്തിൽ നിന്ന് ഒരാൾക്ക് ജോലി നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(സി) ഇങ്ങനെ ജോലി ലഭിക്കുമ്പോൾ നിലവിലുള്ള നിയമന വ്യവസ്ഥകളിൽ ഇളവുകൾ നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നയം

2485 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വികസന സാദ്ധ്യതകളെ പിറകോട്ടു തള്ളുന്നതായി കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ;

ഭൂമി ഏറ്റെടുക്കുന്നതിന് കൃത്യമായ പുനരധിവാസ പാക്കേജ് ഉറപ്പാക്കി വികസന പദ്ധതികൾ സമയ ബന്ധിതമാക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി

2486

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളിയിൽ സ്വകാര്യ വ്യക്തി മണൽതിട്ട കയ്യേറി റോഡ് നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) മണൽതിട്ട കയ്യേറി റോഡ് നിർമ്മിച്ച സ്വകാര്യ വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരുടെ പരാതിയിന്മേലാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

കായൽപുറമ്പോക്ക് ഭൂമി കൈയ്യേറ്റം

2487 ശ്രീ. വി. ചെന്താമരാക്ഷൻ
'' വി. ശിവൻകുട്ടി
'' എ.എം. ആരിഫ്
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായൽപുറമ്പോക്ക് ഭൂമികൾ കയ്യേറ്റം ചെയ്യപ്പെടുന്നതും അനധികൃതമായി മണൽ കടത്തുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ആക്കുളം കായൽ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ചെയ്യപ്പെടുകയുണ്ടായോ ; കായൽ നവീകരണ പ്രവൃത്തിയുടെ കോൺട്രാക്ടർക്ക് ഇതിൽ പങ്കുള്ളതായി തെളിഞ്ഞിട്ടുണ്ടോ ;

(സി) അന്വേഷണത്തിൽ കുറ്റവാളികളെ കണ്ടെത്തുകയുണ്ടായോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ; ആർക്കെല്ലാം എതിരെ കേസെടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ തീരദേശ പോലീസ് സ്റ്റേഷന് സ്ഥലം</u>

2488 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാകാത്ത വിവരം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട് കമ്മിറ്റി

2489 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് കമ്മിറ്റി നിലവിൽ രൂപീകരിച്ചത് എന്നാണ്;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത ഫണ്ടിൽ എന്തു തുക ചെലവഴിക്കാതെ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ട് കമ്മിറ്റി പുനഃസംഘടിപ്പിക്കാത്തത് കാരണം ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

2490 ഡോ. എന്‍. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുളള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ പ്രവര്‍ത്തികള്‍ക്ക് ഈ ഫണ്ട് ഉപയോഗിക്കാറുണ്ട്;

(സി) കഴിഞ്ഞ അഞ്ചു വര്‍ഷക്കാലത്തെ റിവര്‍ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുളള വിനിയോഗം സംബന്ധിച്ച വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) റിവര്‍ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കുവാന്‍ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് പദ്ധതി

2491 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് പദ്ധതി എന്നു മുതലാണ് ആരംഭിച്ചതെന്നും അതുമുതൽ 2011 മാർച്ച് 31 വരെ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സ്വരൂപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഭാരതപ്പുഴയുടെ കടവുകളിൽ നിന്ന് സ്വരൂപിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ പറയാമോ ;

(സി) പ്രസ്തുത കാലയളവിൽ ഭാരതപ്പുഴയുടെ ചേലക്കര മണ്ഡല പരിധിയിലെ പഞ്ചായത്ത് പ്രദേശങ്ങളിലെ കടവുകളിൽ നിന്ന് ശേഖരിച്ച തുക എത്രയാണ് ;

(ഡി) പ്രസ്തുത തുകയിൽ നിന്ന് ഇന്നുവരെ നടപ്പിലാക്കിയിട്ടുള്ള നദീതട സംരക്ഷണ പദ്ധതികൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ പറയാമോ ; പദ്ധതികൾക്ക് ഇതുവരെ ചെലവായ തുക എത്രയാണ് ;

(ഇ) ചേലക്കര മണ്ഡല പരിധിയിൽ വരുന്ന ഭാരതപ്പുഴയുടെ സംരക്ഷണ പദ്ധതികൾക്ക് ഇതുവരെ ചെലവായ തുക എത്രയാണ് ;

(എഫ്) ചേലക്കര മണ്ഡല പരിധിയിൽ 2011-12 വർഷം പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ജി) റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സംസ്ഥാനത്ത് ശേഷിക്കുന്ന തുക എത്രയാണെന്ന് പറയാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കരകെട്ടി സംരക്ഷിക്കണം</u>

2492 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ മണലിപ്പുഴയുടെ പ്രദേശങ്ങളായ പുലക്കാട്ടുകരയിൽ പുഴ ഗതിമാറി ഒഴുകി, കര ഇടിയുന്നതും മറുഭാഗമായ മണിലമടവാക്കര റോഡിൽ മണിലിപ്പാലത്തിന്റെ താഴെ റോഡ് ഗതാഗതത്തിന് തടസ്സമാകുംവിധം കര ഇടിയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ കരകെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിക്കായി തുക അടിയന്തിരമായി അനുവദിച്ചുകൊണ്ട് പ്രസ്തുത വിഷയം പരിഹരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ</u>

2493 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ റവന്യൂ ഓഫീസുകളിൽ, അനധികൃത മണൽകടത്തിനും മറ്റുമായി എത്ര വാഹനങ്ങളാണ് പിടിച്ചിട്ടിരിക്കുന്നത്;

(ബി) പ്രസ്തുത വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കി ഉടമയ്ക്ക് വാഹനം തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വർഷങ്ങളായി കിടന്ന് തുരുമ്പെടുത്ത് നശിക്കുന്ന ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിറ്റ് തുക വകുപ്പിൽ മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സുസ് ലോൺ കമ്പനി വാങ്ങിയ ഭൂമി സംബന്ധിച്ച്</u>

2494 ശ്രീ. പുരുഷൻ കടലുണ്ടി
,, പി. റ്റി. എ. റഹീം
ശ്രീമതി. കെ. കെ. ലതിക
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ വിന്റ്മിൽ സ്ഥാപിക്കുന്നതിന് ആദിവാസികളിൽ നിന്ന് സുസ് ലോൺ കമ്പനി നേരിട്ട് ഭൂമി രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം സർവ്വേകളിൽപ്പെട്ട എത്ര ഏക്കർ ഭൂമിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) അട്ടപ്പാടി മേഖലയിൽ വസ്തു ഉടമകളിൽ നിന്ന് സുസ് ലോൺ കമ്പനി വാങ്ങിയ ഭൂമി 1999-ലെ കേരള റസ്ട്രിക്ഷൻസ് ഓൺ ട്രാൻസ്ഫർ ആന്റ് റസ്റ്ററേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നുണ്ടോ;

(സി) 1999-ലെ ആക്ടിനെ ദുരുപയോഗം ചെയ്ത് ആദിവാസികളുടെ ഭൂമി കൃഷിക്കാർ കൈവശം വച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ; പ്രസ്തുത ഭൂമികളെല്ലാം ആദിവാസികൾക്ക് തിരിച്ചുകൊടുക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടി പാക്കേജിലെ വ്യവസ്ഥകൾ</u>

2495

ശ്രീ. എ. കെ. ബാലൻ
ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീൽ
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി പാക്കേജിലെ കക്ഷികൾ ആരൊക്കെയാണ്;

(ബി) ഇതിലെ വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഇവയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) പ്രസ്തുത പാക്കേജ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ടോ;

(ഇ) പാക്കേജ് അന്തിമമായി തീരുമാനിച്ചുവോ; എങ്കിൽ വ്യവസ്ഥകൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സംയോജിത ആദിവാസി വികസന പരിപാടി</u>

2496

ശ്രീ. വി. എസ്. സുനിൽകുമാർ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു പിടിക്കുന്നതു സംബന്ധിച്ച് മുൻഗവൺമെന്റിന്റെ കാലത്ത് ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(സി) ഈ ആദിവാസി ഭൂമി സംബന്ധിച്ച് സംയോജിത ആദിവാസി വികസന പരിപാടി പ്രകാരമുള്ള റിപ്പോർട്ട് കൈവശമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ടിലെ പരാമർശങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി</u>

2497 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഏതൊക്കെ വില്ലേജിൽ ആണ് മിച്ചഭൂമിയുള്ളത്; സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതൊക്കെ ഭൂമികളാണ് മിച്ചഭൂമിയായി കണ്ടെത്തിയിട്ടുള്ളത്;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മിച്ചഭൂമി തർക്കങ്ങൾ ഉള്ള എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ കാലികസ്ഥിതി വിശദമാക്കാമോ;

(ഡി) ലക്കിടി വില്ലേജിലെ പോളിഗാർഡൻ കൈവശം എത്ര ഏക്കർ ഭൂമിയാണുള്ളത്; അതിൽ മിച്ചഭൂമി ഉണ്ടോ; എങ്കിൽ എത്ര;

(ഇ) മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ അത് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഭൂനികുതി വാങ്ങാതിരിക്കുന്നതായി പരാതി

2498 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ വനാതിർത്തി പങ്കിടുന്ന, കൂരാചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ നികുതിദായകരായിരുന്ന കർഷകരിൽ നിന്നും ഭൂനികുതി വാങ്ങുന്നത് നിർത്തലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരിൽ നിന്നും നികുതി വാങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ നികുതി വാങ്ങുന്നതിന് നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വ്യജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുത്തതായിപരാതി</u>

2499 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളം പറവൂര്‍ താലൂക്കില്‍ ഏഴിക്കര വില്ലേജിലെ വിമുക്തഭടന്‍ ഭാസ്ക്കരപ്പണിക്കര്‍ക്ക് കാസര്‍ഗോഡ് ജില്ലയിലെ കൊടലമുഗര്‍ വില്ലേജില്‍ 1985ല്‍ തണ്ടപ്പേര് നമ്പര്‍ 650 ആയി വില്ലേജ് രജിസ്റ്റര്‍ ഭൂമിയുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഭാസ്ക്കരപ്പണിക്കര്‍ക്ക് എത്ര ഏക്കര്‍ ഭൂമിയാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കാമോ ;

(സി) ഭാസ്ക്കരപ്പണിക്കരുടെ കൈവശം ഉണ്ടായിരുന്ന പ്രസ്തുത ഭൂമി ഇപ്പോള്‍ ആരുടെ കൈവശമാണുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഭൂമി എന്നാണ് ഭാസ്ക്കരപ്പണിക്കര്‍ മറ്റൊരാള്‍ക്ക് കൈമാറിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച കരാറുകളുടേയും പ്രമാണങ്ങളുടേയും പകര്‍പ്പുകള്‍ ലഭ്യമാക്കാമോ ;

(ഇ) ഭാസ്ക്കരപ്പണിക്കര്‍ മരിച്ചതിനുശേഷം ടിയാന്റെ പേരില്‍ വ്യാജരേഖകള്‍ ഉണ്ടാക്കിയാണ് പ്രസ്തുത ഭൂമി ഇപ്പോഴത്തെ ഉടമസ്ഥന്‍ കൈക്കലാക്കിയതെന്നുള്ള പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ അറിയിക്കാമോ ;

(എഫ്) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ അറിയിക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥ

2500 ശ്രീ. എം.എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് എത്ര ഏക്കർ ഭൂമിയാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായുള്ള മിച്ചഭൂമി എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രസ്തുത വിതരണത്തിനായി എന്തടിസ്ഥാനത്തിലാണ് കുടുംബങ്ങളെ കണ്ടെത്തിയിട്ടുളളത്;

(ഡി) എന്തെങ്കിലും ക്രമക്കേട് നടന്നതായിട്ടറിയാമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പട്ടയം താമസംവിനാ ലഭിക്കുന്നതിനു നടപടി</u>

2501 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ ജനങ്ങൾക്ക് പട്ടയം താമസം കൂടാതെ ലഭിക്കുന്നതിലേയ്ക്കായി ഒറ്റപ്പാലം ലാന്റ് ട്രിബ്യൂണലിന്റെ സിറ്റിംഗ് ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ആലത്തൂരിൽ വെച്ചു നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ:

(ബി) ഇതു സംബന്ധിച്ച് മുൻപു ലഭിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പട്ടയം താമസംവിനാ ലഭിക്കുന്നതിലേക്കായി ഭൂപരിഷ്കരണനിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അഡീഷണൽ തഹസീൽദാർമാർക്ക് ലാന്റ്ട്രിബ്യൂണൽ കോടതിയുടെ അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ജോയിന്റ് സർവ്വേ നടപടികൾ</u>

2502 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 01-01-1977 നു മുൻപ് കൈവശം വയ്ക്കുകയും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുളളതുമായ എത്ര ഏക്കർ ഭൂമിക്ക് എത്ര പേർക്കാണ് ഇനിയും പട്ടയം നല്കാൻ അവശേഷിക്കുന്നത്;

(ബി) പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുളളത്;

(സി) ജോയിന്റ് സർവ്വേ നടപടികൾ പൂർത്തിയാക്കാനുളളത് എത്ര ഏക്കർ ഭൂമിക്കാണ്;

(ഡി) ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേകം സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ:

(ഇ) പത്തനംതിട്ട ജില്ലയിൽ ഇനിയും പട്ടയം ലഭിക്കാനുളള 01-01-1977 നുമുൻപുളളകൈവശഭൂമിക്കാരുടെ എണ്ണം വില്ലേജ്/പ്രദേശം തിരിച്ച് വ്യക്താമാക്കാമൊ;

(എഫ്) ഇവർക്ക് വനഭൂമി നൽകുന്നതിനു പകരം റവന്യൂ ഭൂമി വനംവകുപ്പിനു കൈമാറിയിട്ടും പട്ടയം നൽകാൻ താമസം നേരിടുന്നതിനുളള കാരണമെന്ത്;

(ജി) ഇതിനുപരിഹാരമായി പത്തനംതിട്ടജില്ലയിലെ പട്ടയം നൽകുന്നതിനു മാത്രമായി ഒരു പ്രത്യേക സർവ്വേ വിംഗിനെ നിയമിച്ച് നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പട്ടയവിതരണത്തിലെ തടസ്സങ്ങൾ

2503 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ളേരി വില്ലേജിൽ ഉൾപ്പെട്ട മേലേടത്ത് കോളനിയിൽ കഴിഞ്ഞ 20 വർഷത്തിലധികമായി സ്ഥിരതാമസക്കാരായിട്ടുള്ള കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് പട്ടയം നൽകുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഭൂനികുതി സ്വീകരിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ

2504 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിൽ മുഴുവൻ പട്ടയങ്ങൾക്കും ഭൂനികുതി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതുവർഷം മുതലാണ് കരം സ്വീകരിക്കാത്തത്; ആയതിന് കാരണമെന്ത്;

(സി) നിലവിൽ കരം സ്വീകരിക്കാത്ത എത്ര പട്ടയങ്ങൾ ഈ മണ്ഡലത്തിൽ ഉണ്ട്;

(ഡി) കരം സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്നു വ്യക്താമക്കാമോ;

(ഇ) പ്രസ്തുത പട്ടയങ്ങളിൽ കരം സ്വീകരിക്കുന്നതിന് എന്തു നടപടിയെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; എത്ര കാലത്തിനകം കരമടയ്ക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഭൂമി പതിച്ചു നൽകുന്നതിലുണ്ടായ അപാകതകൾ</u>

2505 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം വില്ലേജിലുള്ള റി. സ: 14/ക അ യിൽപ്പെട്ട എത്ര സ്ഥലമാണ് മിച്ചഭൂമിയായി ഏറ്റെടുത്തിരുന്നത്;

(ബി) ഇവിടെ എത്ര പേർക്ക് മിച്ച ഭൂമി അനുവദിച്ചു പട്ടയം നൽകിയിട്ടുണ്ട്;

(സി) ഭൂമി പതിച്ചു നൽകുകയും പട്ടയം നൽകുകയും ചെയ്ത ആർക്കെങ്കിലും ഭൂമി അളന്നു കൈമാറാൻ ബാക്കിയുണ്ടോ;

(ഡി) അളന്നു തിരിച്ച പ്ലോട്ടുകളിൽ 174 മുതൽ 179 വരെയുള്ള 6 പ്ലോട്ടുകൾ കൈമാറിയിട്ടില്ലെന്നു കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഇ) എന്തുകൊണ്ട് അളന്നു നൽകാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ; ഭൂമി അളന്നു കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എച്ച്.എന്‍.എല്‍. ന് പാട്ടക്കാലാവധി</u>

2506 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എച്ച്.എന്‍.എല്‍. ന് നല്‍കിയ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുത്തിട്ടുണ്ടോ;

(ബി) എച്ച്.എന്‍.എല്‍. ന് പാട്ടത്തിനു നല്‍കിയ ഭൂമിയിലെ യൂക്കാലിപ്റ്റസ് കൃഷി അവസാനിപ്പിക്കുന്നതിന് നടപടി എടുക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കൈവശം വെച്ച സർക്കാർ ഭൂമി ഏറ്റെടുക്കൽ നടപടി</u>

2507 ശ്രീ. എളമരം കരീം
,, കെ. ദാസൻ
,, കെ.കെ. നാരായണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൃഷ്ണഗിരിയിൽ ശ്രീ. എം.വി. ശ്രേയാംസ് കുമാർ അനധികൃതമായി കൈവശം വെച്ച സർക്കാർ ഭൂമി ഏറ്റെടുക്കൽ ഏത് തീയതിയ്ക്കകം നടപ്പിൽ വരുത്തുമെന്നാണ് പ്രഖ്യാപിച്ചത്;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യണമെന്ന് ഹൈക്കോടതി ആവർത്തിച്ച് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ എത്ര ആദിവാസികൾക്ക് നൽകുകയുണ്ടായി;

(സി) എത്ര മാസത്തിനകം ഭൂമി പിടിച്ചെടുക്കണമെന്നായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്; കാലാവധി എന്നാണ് കഴിഞ്ഞത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ആതിരപ്പിള്ളി പഞ്ചായത്തിലെ പട്ടയം വിതരണം</u>

2508 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറ നിവാസികളായ നൂറോളം കുടുംബങ്ങളുടെ (സംയുക്ത പരിശോധന പൂർത്തിയാക്കിയ) പട്ടയം വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ പരിഹരിച്ച് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കോടശ്ശേരി പഞ്ചായത്തിലെ ട്രാംവേ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം ഇനിയും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന
ഭൂമിയുടെ കണക്കെടുപ്പ്

2509 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയളിലും ഭൂരഹിതരായ ദരിദ്ര ജനവിഭാഗങ്ങൾക്കായി വിതരണം ചെയ്യുന്നതിനു കണ്ടെത്തിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലെയും അപേക്ഷകരുടെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ജില്ലയിൽ ഇത്തരത്തിൽ ഭൂമി പതിച്ചു നൽകുകയുണ്ടായിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതിന്റെ ഗുണഭോക്താക്കൾ എത്രയെന്നും എത്ര ഭൂമി പതിച്ചുനൽകിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ലാൻഡ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുവാൻ നടപടി</u>

2510 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാൻഡ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് രൂപീകരിക്കുന്നതിനുള്ള ലക്ഷ്യം വ്യക്തമാക്കാമോ ;

(സി) വികസന പ്രവർത്തിനുഭൂമി ലഭിക്കാത്ത സാഹചര്യം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പട്ടയം മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി</u>

2511 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന പ്രവർത്തനങ്ങളിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്ക് വനാവകാശ രേഖ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയമേളകൾ നടക്കാത്ത ജില്ലകളിൽ മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വനാവകാശ നിയമം</u>

2512 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2006-ലെ വനാവകാശ നിയമം അനുസരിച്ച് കൈവശരേഖ നൽകിയ സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ പട്ടയം ആദിവാസികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റവന്യൂവകുപ്പിലെ സ്ഥലംമാറ്റവും നിയമനവും

2513 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് നടത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനു വിരുദ്ധമായി റവന്യൂ വകുപ്പിൽ ഈ സർക്കാരിന്റെ കാലയളവിലുണ്ടായ സ്ഥലംമാറ്റങ്ങൾക്കെതിരെ സംസ്ഥാനത്തുടനീളം എത്ര പ്രതിഷേധ സമരങ്ങൾ നടന്നു എന്ന് പറയാമോ; സർവ്വീസ് സംഘടനകൾ നടത്തിയ പ്രസ്തുത പ്രതിഷേധ സമരങ്ങൾ വസ്തുതാപരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങൾക്കു വിരുദ്ധമായി റവന്യൂ വകുപ്പിൽ ഈ കാലയളവിൽ നടന്ന സ്ഥലംമാറ്റങ്ങൾ പരിശോധിച്ച് ഇപ്രകാരം ഉത്തരവിറക്കിയ ഓഫീസ് മേലധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ</u>

2514 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വില്ലേജുകളിലും എത്ര നാളായി വില്ലേജ് ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി

2515 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ച് 31 നുണ്ടായ ജീവനക്കാരുടെ വിരമിക്കലിന് ശേഷം ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത തസ്തികകളിൽ എത്രയും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവിലുള്ള സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ റവന്യു വകുപ്പിൽ സ്ഥലംമാറ്റം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പരാതികളിന്മേൽ എടുത്ത നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റീഅലോട്ട് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം</u>

2516

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിക്കുകയും അന്യജില്ലകളിലേയ്ക്ക് മാറ്റം ലഭിക്കുകയും ചെയ്ത എത്ര പേർ ഇനിയും ആലപ്പുഴ ജില്ലയിലേയ്ക്ക് റീഅലോട്ട് ചെയ്യപ്പെടാനുണ്ടെന്ന് അറിയിക്കുമോ; തിരികെ വരാനുള്ള ക്രമത്തിൽ റീ അലോട്ട് ചെയ്യപ്പെടാനുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) വില്ലേജ് ഓഫീസർ തസ്തികയിൽ പ്രൊമോഷൻ നേടി ആലപ്പുഴ ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് മാറ്റപ്പെട്ടവരിൽ ഇനിയും തിരിച്ചു പോരാനുള്ളവരുടെ എണ്ണം എത്രയാണെന്നു പറയാമോ; ഇവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ആഫീസർമാരുടെ ഒഴിവുകൾ</u>

2517 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ആഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പല വില്ലേജാഫീസുകളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഒഴിവുകൾ നികത്തുന്നതിന് സമയബന്ധിത നടപടി

2518 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.3.2011-ന് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകളാണ് റവന്യൂ വകുപ്പിൽ ഇപ്പോൾ നികത്തപ്പെടാതെ കിടക്കുന്നത്;

(ബി) വില്ലേജ് ഓഫീസർമാർ മുതലുള്ള ഒഴിവുകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) യഥാസമയം ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഇ) ഒഴിവുകൾ എന്ന് നികത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മൂന്നാർ ട്രിബ്യൂണലിന്റെ സ്റ്റാഫ് പാറ്റേൺ</u>

2519 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ട്രിബ്യൂണലിന്റെ സ്റ്റാഫ് പാറ്റേൺ എന്താണ്; നിലവിൽ എത്ര ജീവനക്കാരുണ്ട്; ഒഴിവുകൾ നിലവിലുണ്ടെങ്കിൽ എത്ര?

(ബി) നിലവിൽ എത്ര കേസുകൾ ട്രിബ്യൂണലിന്റെ പരിഗണനയിലുണ്ട്; തീർപ്പാക്കിയ കേസുകൾ എത്ര;

(സി) മറ്റ് കോടതികളിൽ നിന്നും ട്രിബ്യൂണലിലേക്ക് കേസുകൾ കൈമാറ്റം ചെയ്തു കിട്ടാൻ താമസം നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം എങ്ങനെ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മൂന്നാർ ട്രിബ്യൂണൽ നേരിട്ട് കേസുകൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ ലഭിച്ചു; തീർപ്പായവ എത്ര?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>വില്ലേജാഫീസുകളുടെ പ്രവര്‍ത്തന സ്വാതന്ത്ര്യം</u>

2520

ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൂന്നാറിലെ സ്പെഷ്യല്‍ റവന്യൂ ഓഫീസ്, കെ.ഡി.എച്ച്. - ലെ വിവിധ സെക്ടര്‍ ഓഫീസുകള്‍ എന്നിവയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഈ ഓഫീസുകള്‍ നിര്‍വ്വഹിക്കുന്നത്;

(ബി) പ്രസ്തുത ഓഫീസുകളില്‍ ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഒഴിവുകള്‍ എത്രയുണ്ട്;

(സി) സെക്ടര്‍ ഓഫീസുകള്‍ വഴി നേരിട്ട് സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഓഫീസ് സൗകര്യവും ജീവനക്കാരും സീലുമുള്‍പ്പെടെ വില്ലേജാഫീസുകളുടെ പ്രവര്‍ത്തന സ്വാതന്ത്ര്യം സെക്ടര്‍ ഓഫീസുകള്‍ക്ക് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഡി. സി. സ്യൂട്ട് പദ്ധതി

2521 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലക്ടറേറ്റുകളിൽ ഫയൽ സംവിധാനം കംമ്പ്യൂട്ടറൈസ് ചെയ്യുന്ന ഡി. സി. സ്യൂട്ട് പദ്ധതി എന്നാണ് ഉത്ഘാടനം ചെയ്തത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(സി) ഫയലുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇന്റർനെറ്റ് വഴി പൊതുജനങ്ങൾക്ക് പൂർണ്ണമായും കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഒന്നിലധികം വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടങ്ങളുടെ എണ്ണം</u>

2522 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഓഫീസു കെട്ടിടത്തിൽ ഒന്നിലധികം വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്ന എത്ര ഓഫീസുകൾ സംസ്ഥാനത്തുണ്ട്;

(ബി) ഇത്തരം വില്ലേജാഫീസുകൾ ഒരേ കെട്ടിടത്തിൽ ഒരേ മുറിയിലാണോ അതല്ല വ്യത്യസ്ത മുറികളിലാണോ പ്രവർത്തിക്കുന്നത്;

(സി) കാസർകോട് താലൂക്കിലെ ഒഡ്ലൂ, മൊട്രാൻപുത്തൂർ, സിരിബാഗിലു വില്ലേജാഫീസുകൾക്കു പ്രത്യേകം പ്രത്യേകം ഓഫീസുമുറികളുണ്ടോ;

(ഡി) ഒന്നിൽ കൂടുതൽ വില്ലേജാഫീസുകൾ ഒരേ മുറിയിൽ പ്രവർത്തിക്കുന്ന എത്ര ഓഫീസകൾ കാസർകോട് ജില്ലയിലുണ്ട്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകൾ പണിയുന്നതിന് നടപടി

2523 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വില്ലേജ് ആഫീസുകളുടെ പ്രവർത്തനം</u>

2524 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കാമോ;

(സി) വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കരിപ്പൂർ വില്ലേജ് രൂപീകരിക്കുവാൻ നടപടി</u>

2525 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന പ്രദേശം കേന്ദ്രമാക്കി കരിപ്പൂർ വില്ലേജ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോഴത്തെ പള്ളിക്കൽ വില്ലേജിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശത്തുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>വില്ലേജാഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

2526 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂർ നിയോജകമണ്ഡലത്തിൽപെട്ട ചേളന്നൂർ, കാക്കൂർ, കരുവെട്ടൂർ, കക്കോടി എന്നീ പഞ്ചായത്തുകളിലെ വില്ലേജാഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ വില്ലേജാഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

2527 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകളിൽ നിന്ന് ഏതെല്ലാം സേവനങ്ങളാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരിച്ച ഏതെങ്കിലും വില്ലേജ് ഓഫീസിൽ കമ്പ്യൂട്ടർ മുഖേനയുള്ള സേവനം നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>താലൂക്ക് / വില്ലേജ് പുന:സംഘടന</u>

2528 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും വില്ലേജുകളും പുന:സംഘടിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് കമ്മിറ്റിയെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് പുന:സംഘടന നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സബ് താലൂക്കുകള്‍</u>

2529 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസംഖ്യയില്‍ കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് ഏതാണ്;

(ബി) പ്രസ്തുത താലൂക്ക് വിഭജിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേരളത്തില്‍ എത്ര സബ് താലൂക്കുകള്‍ ഉണ്ട്; ഏതെല്ലാമാണ്;

(ഡി) സബ് താലൂക്കുകള്‍ക്ക് വിവിധ സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുന്നതിന് കൂടുതല്‍ അധികാരങ്ങള്‍ നല്‍കി ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പയ്യന്നൂർ താലൂക്ക് അനുവദിക്കാൻ നടപടി

2530 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ആസ്ഥാനമാക്കി താലൂക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) താലൂക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മുന്നിയൂര്‍ ആസ്ഥാനമാക്കി താലൂക്ക് രൂപീകരണം</u>

2531 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

തേഞ്ഞിപ്പലം, പള്ളിക്കല്‍, മുന്നിയൂര്‍, വള്ളിക്കുന്ന് പെരുവള്ളൂര്‍, ചേലേമ്പ്ര പഞ്ചായത്തുകളിലെ വില്ലേജുകള്‍ ഉള്‍പ്പെടുത്തി മുന്നിയൂര്‍ ആസ്ഥാനമാക്കി ഒരു താലൂക്ക് രൂപീകരിക്കുവാന്‍ തയ്യാറാകുമോ; ഇതിനുവേണ്ടി ജനങ്ങള്‍ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പുതിയ വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുവാൻ നടപടി

2532 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) എന്നേക്ക് പുതിയ താലൂക്കുകളും, വില്ലേജുകളും രൂപീകൃതമാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സബ് താലൂക്കുകൾ താലൂക്കുകളായി ഉയർത്താൻ നടപടി</u>

2533 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സബ്താലൂക്കുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണമുണ്ടെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) സബ് താലൂക്കുകൾ രൂപീകരിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സബ് താലൂക്കുകൾ താലൂക്കുകളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>താലൂക്കുകൾ രൂപീകരിക്കുവാൻ നടപടി</u>

2534 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ കാര്യങ്ങളിൽ സംസ്ഥാനത്തെ താലൂക്കുകൾ തമ്മിൽ നിലനിൽക്കുന്ന വലിയ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലശ്ശേരി-കുന്നത്തൂർ താലൂക്കുകളുടെ ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം നൽകുമോ;

(സി) ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ ശാസ്ത്രീയ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് താലൂക്കുകൾ രൂപവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കുന്ദമംഗലം മിനി സിവിൽസ്റ്റേഷൻ</u>

2535 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കാൻ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) മിനി സിവിൽസ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകൾ സംബന്ധിച്ച് ജില്ലാ കളക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലാ കളക്ടർ, മിനി സിവിൽസ്റ്റേഷനിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം ഓഫീസുകളാണ് റിപ്പോർട്ടിൽ ഉൾക്കൊളളിച്ചിരിക്കുന്നത് ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷൻ അഡീഷണൽ ബ്ലോക്ക് നിർമ്മാണം

2536 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷനിൽ സ്ഥലപരിമിതി മൂലം ഉണ്ടായിട്ടുളള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു അഡീഷണൽ ബ്ലോക്ക് അടിയന്തിരമായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷന്റെ മെയിന്റനൻസ് യഥാസമയം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി നിർമ്മിക്കുന്ന ബ്ലോക്കിൽ ആധുനിക രീതിയിലുളള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര റവന്യൂ ടവർ</u>

2537 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര താലൂക്കാഫീസിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഒരു റവന്യൂ ടവ്വർ നെയ്യാറ്റിൻകരയിൽ പണിയുന്നതിന് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി മിനി സിവിൽ സ്റ്റേഷൻ</u>

2538 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ പണി പൂർത്തിയാക്കിയ മിനി സിവിൽ സ്റ്റേഷനിൽ ഇപ്പോഴും പല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം ഓഫീസുകൾ ഇനിയും പ്രവർത്തനം ആരംഭിക്കാനുണ്ട് എന്നറിയിക്കുമോ; ഇനിയും പ്രവർത്തനം ആരംഭിക്കാത്ത ഓഫീസുകൾ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>റീസർവ്വെ</u>

2539 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി റീസർവ്വെ നടപടികൾ ആരംഭിച്ചതെപ്പോഴാണെന്നു വ്യക്തമാക്കുമോ;

(ബി) റീസർവ്വെ നടപടികൾ ഇപ്പോഴും പൂർത്തീകരിക്കപ്പെടാത്ത എത്ര വില്ലേജുകളുണ്ടെന്നും ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിയ്ക്കാത്തതിനാൽ സാധാരണ ജനങ്ങൾക്കു ഭൂമി ക്രയവിക്രയം നടത്തുവാനോ പണയം വച്ച് അടിയന്തിരാവശ്യത്തിന് ഒരു വായ്പപോലും എടുക്കുവാനോ കഴിയാത്ത സ്ഥിതിവിശേഷമുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ റീസർവ്വെ പൂർത്തീകരിക്കാത്ത വില്ലേജുകളിൽ സമയബന്ധിതമായി റീസർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റീസർവ്വെ സംബന്ധിച്ച അപാകതകൾ

2540 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വെ സംബന്ധിച്ച അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സമയബന്ധിതമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൈവശഭൂമിയ്ക്ക് പട്ടയം കിട്ടാത്ത നിരവധി ആളുകൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരമുളള കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുളള പ്രത്യേക അദാലത്ത് സംഘടിപ്പിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റീ സർവ്വെ പ്രവർത്തനത്തിലെ അപാകതകൾ

2541 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കാൻ ഏർപ്പെടുത്തിയ അദാലത്തു സംവിധാനത്തിന്റെ വിശദവിവരം നല്കാമോ ;

(ബി) നടപടി ക്രമങ്ങളിലെ നൂലാമാലകൾ കാരണം അദാലത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമുണ്ടാക്കാൻ വളരെയധികം കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ;

(ഡി) അദാലത്തിലെ തീരുമാനത്തിന്മേൽ പരാതിയുള്ള ഭൂഉടമകൾക്ക് അതു പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) റീ സർവ്വെ പരാതി പരിഹാര അദാലത്തിൽ 2010 മാർച്ച് വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിൽ തീർപ്പു കല്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ റീസർവ്വേ നടപടികൾ</u>

2542 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ കാസർകോട് ജില്ലയിലെ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തുടങ്ങിയതെന്ന് അറിയിക്കാമോ;

(ബി) ഇതുവരെ ഏതെല്ലാം വില്ലേജുകളിൽ നടപടി പൂർത്തിയായെന്നും ബാക്കിയുളളവയിൽ എന്നേക്ക് പൂർത്തിയാകും എന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ റീസർവ്വേ</u>

2543 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ റീസർവ്വേ പൂർത്തിയാകാത്ത എത്ര വില്ലേജുകളുണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനം എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ദേവികുളം കച്ചേരി സെറ്റിൽമെന്റിൽ ഭൂമി നൽകുന്ന നടപടി</u>

2544 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കില സർവ്വെ നമ്പർ 912, ദേവികുളം കച്ചേരി സെറ്റിൽമെന്റ്, കുറ്റിയാർവാലി എന്നിവിടങ്ങളിൽ എത്രപേർക്കു വീതം അസൈൻമെന്റ് ഓർഡർ നൽകിയിട്ടുണ്ട്; ആയതിൽ പട്ടയം നൽകിയതെത്ര: എത്ര പേർക്ക് ഭൂമി കൈമാറ്റം ചെയ്തു നൽകിയിട്ടുണ്ട് ;

(ബി) ശേഷിക്കുന്ന ആളുകൾക്ക് ഭൂമി നൽകുന്ന നടപടിക്ക് എന്തു തടസമാണുള്ളത് ;

(സി) സർവ്വെ നമ്പർ 912, കച്ചേരി സെറ്റിൽമെന്റ് എന്നിവടങ്ങളിലെ ഭൂമിവിതരണം ചെയ്യുന്നതിന് എന്തു നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റീ സർവ്വെ നടപടികൾ</u>

2545 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വില്ലേജുകളിൽ പുതുക്കിയ ഭൂമി വില എപ്പോൾ നിലവിൽ വരും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഭൂമികേരളം പദ്ധതിയുടെ പുരോഗതി</u>

2546 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭൂമികേരളം പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>'ഭൂമികേരളം' പദ്ധതി</u>

2547 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂമികേരളം' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിൽ ഏതെല്ലാം വില്ലേജുകളാണ് റീസർവ്വെ ചെയ്യുന്നത്;

(സി) മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് റീസർവ്വെ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജുകളിൽ റീസർവ്വെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>സർവ്വേയിൽ ഗ്രേഡ് -2 നികത്താൻ നടപടി</u>

2548 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ, സർവ്വേ ആൻഡ് ലാന്റ് റെക്കോർഡ്സിൽ സർവ്വേയർ ഗ്രേഡ് -2 എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യാനാകും; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി

2549 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്ന സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

(ബി) അഞ്ചും പത്തും വർഷം പഴക്കമുള്ളകേസുകൾ ഇപ്പോഴും അന്വേഷണാവസ്ഥയിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) മനപൂർവ്വമല്ലാത്ത നിസ്സാര വീഴ്ചകളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയും രാഷ്ട്രീയമോ, വ്യക്തിപരമോ ആയ വൈരം മൂലം വ്യക്തിഹത്യയും, പീഡനവും നടത്താൻ വേണ്ടി അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതുമായ കേസുകളിൽ പുന:പ്പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ ;

(ഡി) കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും, നിരപരാധികളെ പീഡിപ്പിക്കാൻ വിജിലൻസ് സംവിധാനത്തെ ദുരുപയോഗംചെയ്യുന്നതു തടയാനും തക്കവിധം നിയമത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അഴിമതി നിരോധന നടപടി</u>

2550 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസിൽ പ്രതികളായ മന്ത്രിമാർ ആരൊക്കെ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ക്രിമിനൽ കേസുകളിൽ പ്രതികളാക്കപ്പെട്ട മന്ത്രിമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിജിലൻസ് കേസുകൾ സംബന്ധിച്ച നടപടി

2551 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വകുപ്പു തിരിച്ച് കണക്കു ലഭ്യമാക്കുമോ ;

(ബി) ഏറ്റവും കുറച്ചു വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ;

(സി) മുൻ സർക്കാറിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രയെണ്ണം നടപടി നിർത്തി വച്ചിട്ടുണ്ട് ;

(ഡി) അഴിമതി തടയുന്നതിനായി വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം</u>

2552 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം സിറ്റി റോഡ്സിന്റെ കരാർ സംബന്ധിച്ച് വിജിലൻസ് അന്വേഷണം സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി

2553 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപെട്ടുട്ടുണ്ടോ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര റവന്യൂ ജീവനക്കാർക്കെതിരെ നടപടി എടുത്തു;

(സി) അഴിമതി തടയുന്നതിനുവേണ്ടി നിലവിലുള്ള വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മണലെടുപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾ

2554 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലെടുപ്പുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത കേസ്സുകളെല്ലാംതന്നെ സമാനസ്വഭാവമുളള വകുപ്പുകൾ ചേർത്താണോ ചാർജ്ചെയ്തിട്ടുളളതെന്ന് വ്യക്തമാക്കുമോ:

(സി) എത്ര കേസ്സുകൾ വിജിലൻസ് കോടതിയിൽ വിചാരണ നടക്കുന്നുണ്ടെന്നുളള വിവരം നൽകുമോ: എത്രപേരെ പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശിക്ഷിച്ചിട്ടുണ്ട്?